# സാമൂഹ്യക്ഷേമ ഡയറക്ടറുടെ നടപടിക്രമങ്ങൾ

തിരുവനന്തപുരം
തീയതി: 29..05..2012

ഉത്തരവ് നമ്പർ.E1-1249/2012

വിഷയം:- സാമൂഹ്യക്ഷേമ വകുപ്പ്- ജീവനക്കാര്യം- ശിശുവികസന പദ്ധതി ആഫീസർ-2012ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് ഭേദഗതി വരുത്തി ഉത്തരവ് - പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) ഈ ആഫീസിലെ 17/05/2012ലെ ഇതേ നമ്പർ ഉത്തരവ്.
2) ശിശുവികസന പദ്ധതി ആഫീസർമാർ സമർപ്പിച്ച അപേക്ഷകൾ.

പരാമർശം (1) പ്രകാരം ശിശുവികസന പദ്ധതി ആഫീസർമാരുടെ 2012ലെ പൊതു സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പരാമർശം (2) പ്രകാരം അപേക്ഷകൾ ലഭിച്ച സാഹചര്യത്തിൽ പരാമർശം (1) ലെ ഉത്തരവിൽ ചുവടെ പറയുന്ന ഭേദഗതികൾ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ക്രമ നമ്പർ 20 ശ്രീമതി. സുലക്ഷണയെ പഴയന്നൂർ പ്രോജക്ടിന് പകരം മതിലകം പ്രോജക്ടിലേയ്ക്കും, ക്രമനമ്പർ 22 ശ്രീമതി. എ. സരസ്വതിയെ മതിലകം പ്രോജക്ടിന് പകരം പഴയന്നൂർ പ്രോജക്ടിലേയ്ക്കും, ക്രമനമ്പർ 42 ശ്രീമതി. അജിത. വി.പി.യെ വടകരയ്ക്കും, ക്രമ നമ്പർ 43 ശ്രീമതി. തസ്നീം. പി.എസ്.നെ കോഴിക്കോട് റൂറൽ പ്രോജക്ടിലേയ്ക്കും സ്ഥലം മാറ്റിയത് റദ്ദ് ചെയ്ത് അവർ തുടർന്നുവരുന്ന പ്രോജക്ടിൽതന്നെ തുടരാൻ അനുവദിച്ചും, ക്രമ നമ്പർ 29 ശ്രീമതി. ബിന്ദു ഗോപിനാഥിനെ തിരൂരങ്ങാടി അഡീഷണൽ പ്രോജകടിൽ നിലനിറുത്തിയും, തിരൂരങ്ങാടി അഡീഷണൽ പ്രോജകടിലേയ്ക്ക് സ്ഥലം മാറ്റി നിയമിച്ച ശ്രീമതി. അന്ന ജോബിനെ തൃശ്ശൂർ അന്തിക്കാട് പ്രോജക്ടിലേയ്ക്ക് മാറ്റി നിയമിച്ചും, ക്രമനമ്പർ 2 ശ്രീമതി. നസീമാബീവിയെ കൊച്ചി അർബൻ -2 പ്രോജക്ടിന് പകരം അങ്കമാലി ഐ.സി.ഡി.എസ്. പ്രോജക്ടിലേയ്ക്കും, അങ്കമാലിയിലെ ശ്രീമതി. സൈന. കെ.ബി.യെ കൊച്ചി അർബൻ-2 പ്രോജക്ടിലേയ്ക്കും സ്ഥലംമാറ്റി നിയമിച്ച് ഉടൻ പ്രാബല്യത്തിൽ വരത്തക്കവിധം ഉത്തരവാകുന്നു. ഇത്തരം ഭേദഗതികളോടെ പരാമർശം(1) ലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

മേൽ ഖണ്ഡിക‌യിലെ ഉത്തരവ് പ്രകാരം ശിശുവികസന പദ്ധതി ആഫീസർമാർ ഉടൻ ചുമതല ഏറ്റെടുക്കേണ്ടതും, ചുമതലകൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് അടിയന്തിരമായി അയച്ചുതരേണ്ടതുമാണ്.

(ഒപ്പ്)
**സാമൂഹ്യക്ഷേമ ഡയറക്ടർ**

ബന്ധപ്പെട്ടവർക്ക്

1) അക്കൗണ്ടന്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) സ്റ്റോക്ക് ഫയൽ.

ഉത്തരവിൻപ്രകാരം,

**സൂപ്രണ്ട്**